**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2275** **16-03-2022 - ൽ മറുപടിയ്ക്ക്**

**അർഹരായ ഉപഭോക്താക്കളെ ബി.പി.എൽ. വിഭാഗമാക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റാന്നി നിയോജകമണ്ഡലത്തിൽ നിന്ന് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്താനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (എ) | 1126 അപേക്ഷകൾ. |
| (ബി) | പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് നാളിതുവരെ എത്ര കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | (ബി) | 989. |
| (സി) | മാരകമായ രോഗം ബാധിച്ചതുമൂലം സാമ്പത്തികമായി തകർന്ന എ.പി.എൽ. വിഭാഗക്കാർക്ക് ചികിത്സയ്ക്ക വേണ്ടി അവരുടെ റേഷൻ കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റാനുള്ള നടപടിക്രമം വ്യക്തമാക്കാമോ? | (സി) | ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽ നിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ ഏതെങ്കിലും അംഗത്തിനോ/ അംഗങ്ങൾക്കോ അടിയന്തിര ചികിത്സയോ/ ശസ്ത്രക്രിയയോ ആവശ്യമുള്ളതാണെങ്കിൽ താലൂക്ക് തലത്തിൽ അപ്രകാരമുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി, പരിശോധനയ്ക്ക് വിധേയമായി അർഹതയുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത കുടുംബങ്ങളുടെ കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിന് അനുമതി നൽകി വരുന്നുണ്ട്. ഇതിനു പുറമേ ഗുരുതര രോഗം ബാധിച്ച എ.എ.വൈ, പി.എച്ച്.എച്ച്, മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിലെ ഉപഭോക്താക്കൾക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 06.07.2018 ലെ സ.ഉ(സാധാ)നം.2171/2018/ആകുവ യുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സാ ആനുകൂല്യം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ